# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 സെപ്റ്റംബർ 20

# വാർത്താക്കുറിപ്പ്

## പരീക്ഷ മാറ്റി

സെപ്റ്റംബർ 22, 24 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ്. 2017 അഡ്മിഷന് മുൻപുള്ളവർ - സപ്ലിമെന്ററി/2012-13 അഡ്മിഷൻ - മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 22, 25 തീയതികളിലേക്ക് മാറ്റി. പുതുക്കിയ ടൈംടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/928/2021)

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും സെപ്റ്റംബർ 22 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2020 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/929/2021)

## എം.ജി. ബിരുദ പ്രവേശനം; നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

എം.ജി. സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദപ്രവേശനത്തിനുള്ള നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കി പ്രവേശനം ഉറപ്പാക്കേണ്ടതും അതത് കോളേജുമായി ബന്ധപ്പെട്ട് കോളേജ് ഫീസ് ഒടുക്കി പ്രവേശനം സ്ഥിരപ്പെടുത്തേണ്ടതുമാണ്. സെപ്റ്റംബർ 25ന് വൈകീട്ട് നാലിനകം ഫീസ് ഒടുക്കി പ്രവേശനം ഉറപ്പാക്കാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും. പ്രവേശനം ഉറപ്പാക്കി കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് വിദ്യാർഥികൾ സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ്പിന്റെ അഭാവത്തിൽ ഇതുസംബന്ധിച്ച പരാതികൾ പരിഗണിക്കില്ല. നേരത്തെയുള്ള അലോട്ട്മെന്റുകളിൽ താത്ക്കാലിക പ്രവേശനം നേടിയിട്ടുള്ളവരും സെപ്റ്റംബർ 25ന് വൈകീട്ട് നാലിനകം സ്ഥിരപ്രവേശനം ഉറപ്പാക്കണം. നാലാം അലോട്ട്മെന്റിന്ശേഷം പട്ടിക വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് മാത്രമേ താൽക്കാലിക അലോട്ട്മെന്റ് അനുവദിക്കുകയുള്ളൂ. ഒന്നാം സെമസ്റ്റർ ബിരുദ ക്ലാസുകൾ സെപ്റ്റംബർ 27ന് തുടങ്ങാനാണ് സർവകലാശാല ഉദ്ദേശിക്കുന്നത്.

(പി.ആർ.ഒ/39/930/2021)

## സപ്ലിമെന്ററി അലോട്ട്മെന്റ് ഒക്ടോബർ 12 മുതൽ

മഹാത്മാഗാന്ധി സർവകലാശാല ഒന്നാം സെമസ്റ്റർ ബിരുദപ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരമുള്ള ഓപ്ഷൻ രജിസ്ട്രേഷന് ഒക്ടോബർ 12 മുതൽ 18 വരെ അവസരം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിനായി രജിസ്റ്റർ ചെയ്യാം. നിലവിൽ പ്രവേശനം ലഭിച്ചവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ചാൽ അവരുടെ നിലവിലെ പ്രവേശനം റദ്ദാകുന്നതും പുതുതായി ലഭിക്കുന്ന അലോട്ട്മെന്റിൽ അവർ പ്രവേശനം നേടേണ്ടതുമാണ്. ഓൺലൈൻ അപേക്ഷയിലെ തെറ്റുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും നേരത്തെ ലഭിച്ച അലോട്ട്മെന്റ് ഏതെങ്കിലും കാരണവശാൽ റദ്ദാക്കപ്പെട്ടവർക്കും സപ്ലിമെന്ററി അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാം. പ്രത്യേകമായി ഫീസ് അടയ്ക്കാതെതന്നെ ഇവർക്ക് cap.mgu.ac.in എന്ന വെബ്സൈറ്റ് മുഖേന പുതുതായി ഓപ്ഷൻ നൽകാം. നേരത്തെ നൽകിയിട്ടുള്ള ഓപ്ഷനുകളിൽ തിരുത്തൽ വരുത്താനും സപ്ലിമെന്ററി ഓപ്ഷൻ രജിസ്ട്രേഷനിൽ അവസരമുണ്ടായിരിക്കും. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി

ഓപ്ഷൻ നൽകണം. വിവിധ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളുടെ വിവരം സർവ്വകലാശാല പ്രസിദ്ധീകരിക്കും. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/931/2021)

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എഡ്. 2020 അഡ്മിഷൻ - റഗുലർ/2020ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി (ദ്വിവത്സരം) പരീക്ഷയ്ക്ക് പിഴയില്ലാതെ ഒക്ടോബർ ഏഴുവരെയും 525 രൂപ പിഴയോടെ ഒക്ടോബർ എട്ടുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 11 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/932/2021)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എഡ് (2019 അഡ്മിഷൻ - റഗുലർ - ദ്വിവത്സരം) പരീക്ഷകൾ സെപ്തംബർ 30 ന് ആരംഭിക്കും. പിഴയില്ലാതെ സെപ്തംബർ 23 വരെയും 525 രൂപ പിഴയോടെ സെപ്തംബർ 24 നും 1050 രൂപ സൂപ്പർഫൈനോടെ സെപ്തംബർ 25 നും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/933/2021)

ആറാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പുതുക്കിയ പരീക്ഷ സെപ്തംബർ 29 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/934/2021)

## പരീക്ഷഫലം

2021 ഫെബ്രുവരിയിൽ നടന്ന നാലാം വർഷ ബി.എസ് സി. നഴ്സിംഗ് ബിരുദ സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്തംബർ 29 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/935/2021)

## ശാസ്ത്ര പ്രഭാഷണ പരമ്പര

മഹാത്മ ഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഓൺലൈനായി സംഘടിപ്പിക്കുന്ന ശാസ്ത്ര പ്രഭാഷണ പരമ്പരക്ക് (ERUDITE - 2) തുടക്കമായി. ആദ്യ പ്രഭാഷണം തിങ്കളാഴ് നടന്നു. സെപ്തംബർ 22, 27, 29 തീയതികളിൽ വൈകിട്ട് അഞ്ചിനാണ് അടുത്ത പ്രഭാഷണങ്ങൾ നടക്കുക. ജർമ്മനിയിലെ ലീബ്സീഗ് സർവ്വകലാശാലയിൽ നിന്നുള്ള പ്രമുഖ ഗവേഷകൻ ഡോ. ഫ്രെഡറിക് ക്രെമർ ആണ് പ്രഭാഷകൻ. " ബ്രോഡ്ബാൻഡ് ഡൈഇലക്ട്രിക് സ്പെക്ട്രോസ്കോപി ആൻറ് ഇറ്റ്സ് ആപ്ലിക്കേഷൻസ് " എന്നതാണ് വിഷയം. എം ജി സർവ്വകലാശാല വൈസ് ചാൻസലറും, സ്കൂൾ ഓഫ് എനർജി മറ്റീരിയൽസ് ഡയറക്ടറുമായ പ്രൊഫ. സാബു തോമസും പരിപാടിയിൽ പങ്കെടുക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക. Ph: 9446711043, 9400630354.

## ഫോട്ടോ ക്യാപ്ഷൻ

**ഡോ. ഫ്രെഡറിക് ക്രെമർ**

(പി.ആർ.ഒ/39/936/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ